പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1490 | 03.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംയോജിത ശിശു വികസന സേവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ പ്രകാരം അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എന്താണ് ഈ പ്രവണതയ്ക്ക് കാരണമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) അങ്കണവാടികളിലെത്തുന്ന കുട്ടികളുടെ എണ്ണം കുറയുന്നതുമായി ബന്ധപ്പെട്ട വിഷയം ജില്ലാതല ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർമാരുടെ അവലോകന യോഗങ്ങളിൽ ചർച്ച ചെയ്തതിൻ പ്രകാരം ചുവടെ ചേർക്കുന്ന നിഗമനങ്ങളിൽ എത്തി ചേർന്നിട്ടുണ്ട്.<br>1. കേരളത്തിലെ 3-6 വയസ്സുള്ള കുട്ടികളുടെ എണ്ണത്തിൽ ആനുപാതികമായുണ്ടാകുന്ന കുറവ്.<br>2. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരത്തിലുണ്ടായിട്ടുള്ള വ്യത്യാസം<br>3. സ്വകാര്യ പ്രീ - പ്രൈമറി സ്കൂളുകളുടെ വൻതോതിലുള്ള കടന്നു കയറ്റം.<br>4. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത. |
| (സി) അംഗൻവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ ആരോഗ്യക്ഷമതയും, ആശയവിനിമയ പാടവവും മറ്റ് പ്രീ-സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളേക്കാൾ കൂടുതലാണെന്ന തരത്തിലുള്ള പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) അംഗൻവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.അങ്കണവാടികളിലെ പ്രീ-സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി വർഷത്തിൽ 2 |

| | |
|---|---|
| | പ്രാവശ്യം (ജൂൺ 1-നും, വിജയദശമി ദിനത്തിലും) പ്രത്യേക ക്യാമ്പയിനോട്ടു കൂടിയ പ്രവേശനോത്സവം സംഘടിപ്പിക്കുന്നുണ്ട്.<br>2. ശിശു വികാസ മേഖലകളുടെ പരിപോഷണം മുൻനിർത്തി കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസങ്ങൾക്കായുള്ള തീമുകൾ ഉൾക്കൊള്ളുന്ന പാഠ്യ പദ്ധതികൾ വികസിപ്പിച്ച് അങ്കണവാടികളിലൂടെ നടപ്പിലാക്കി വരുന്നു.<br>3. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>4. അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചും അങ്കണവാടികളിലൂടെ നൽകുന്ന പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചും പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ